No. 78/2022

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**

**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**

**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**

**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി വികാരിയും, സഹപട്ടക്കാരും, പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ, നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം 2022 ഫെബ്രുവരി മാസം 25-ാം തീയതി ആ ദേവാലയ അങ്കണത്തിലെ ബസേലിയോസ് പൗലോസ് പ്രഥമൻ നഗറിൽ അനുഗ്രഹീതമായി ചേരുവാൻ സർവ്വശക്തൻ കൃപ ചെയ്തു. കോവിഡ് പ്രതിസന്ധികളുടെയിടയിൽ യോഗം ചേരുന്നത് ആശങ്കയിലായിരുന്നുവെങ്കിലും നമ്മുടെ അഭിവന്ദ്യ സഹോദര മെത്രാപ്പോലീത്താമാർക്കും മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കും അസ്സോസിയേഷന്റെ പ്രധാന വേദിയിൽ നിന്നും, ലോകമെമ്പാടുമുള്ള നമ്മുടെ അസ്സോസിയേഷൻ അംഗങ്ങൾക്ക് ഓൺലൈനായി വീഡിയോ കോൺഫറൻസിംഗിലൂടെയും യോഗത്തിൽ പങ്കുചേരുവാനും സാധ്യമായത് നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനത്തിന്റെ നിമിഷങ്ങളായിരുന്നു. ആദ്യമായി ഒരു അസ്സോസിയേഷൻ യോഗത്തിൽ ഓൺലൈൻ വോട്ടിംഗ് ക്രമീകരിക്കുകയും, ആയത് പരിപൂർണ്ണ വിജയത്തിൽ എത്തിച്ചേരുകയും ചെയ്തു എന്നത് സഭയുടെ ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടും. ദീർഘനാളുകളായി അനേകം പ്രതിസന്ധികളെ അതിജീവിച്ച് പരിശുദ്ധ സഭയുടെ പൂർണ്ണമായ നിയന്ത്രണത്തിൽ എത്തിച്ചേർന്ന കോലഞ്ചേരി പള്ളിക്കും, ഇടവക അംഗങ്ങൾക്കും ഇത് അഭിമാനത്തിന്റെയും സംതൃപ്തിയുടെയും ആത്മനിർവൃതിയുടെയും നിമിഷങ്ങളാണ് എന്നത് നിങ്ങളോട് അറിയിക്കുന്നതിൽ നമുക്ക് അനൽപമായ സന്തോഷമുണ്ട്. പരിശുദ്ധ സഭയുടെ ആവശ്യത്തിന് അനുസൃതമായും, നമ്മുടെ ആഗ്രഹമനുസരിച്ചും ഏഴ് മെത്രാപ്പോലീത്താമാരെ അസ്സോസിയേഷനിൽ നിന്നും തെരഞ്ഞെടുക്കുവാൻ പരിശുദ്ധാത്മാവിന്റെ കൃപ നമ്മോടു കൂടെയുണ്ടായി എന്നതിൽ ദൈവത്തെ എത്ര സ്തുതിച്ചാലും മതിയാകുകയില്ല.

അസ്സോസിയേഷൻ നടത്തിപ്പിന്റെ ക്രമീകരണങ്ങളിൽ കോലഞ്ചേരി ദേവാലയം കൈക്കൊണ്ട എല്ലാ നേതൃപരമായ പ്രവർത്തനങ്ങൾക്കും സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ നിങ്ങളെയെല്ലാവരേയും നാം അനുമോദിക്കുന്നു. അസ്സോസിയേഷൻ യോഗം ശ്രേഷ്ടവും കുറ്റമറ്റതുമാണെന്ന് അതിൽ പങ്കെടുത്ത എല്ലാവരും സാക്ഷ്യം നൽകിയതും, അതീവ സന്തോഷത്തോടെ അവരെല്ലാവരും മടങ്ങിപ്പോയതും നിങ്ങളുടെ പരിശ്രമങ്ങളുടെയും സമർപ്പണത്തിന്റെയും ഫലമായിട്ടാണെന്നാണ് നാം കരുതുന്നത്. നിങ്ങളുടെ ത്യാഗപൂർണ്ണമായ സേവനങ്ങൾ മലങ്കര സഭയ്ക്ക് മറക്കുവാൻ സാധിക്കുകയില്ല എന്നത് പ്രത്യേകം നാം നിങ്ങളെ അറിയിക്കുന്നു. ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ ആ ഇടവക വികാരിയെയും, സഹപട്ടക്കാരെയും, പള്ളി കൈസ്ഥാനികളെയും, വിശ്വാസ സമൂഹത്തേയും മുക്തകണ്ഠം നാം പ്രശംസിക്കുന്നു. ദൈവം നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.............

2022 മാർച്ച് മാസം 4-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**